# ഭാഗം 5/5 (തുടർച്ച)

# "കവിതഥ"യിലെ ഭാഷണം

# "മലയാളം, എന്റെ മാതൃഭാഷ: നിങ്ങളുടെയും!"

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**[മലയാളി അസ്സോസിയേഷൻ ഓഫ് ഫിലഡൽഫിയയുടെ (മാപ്) "കവിതഥ" എന്ന ഏകദിന സെമിനാറിലെ കീ-നോട്ട് പ്രസംഗത്തിൽ ഇതിലെ പ്രസക്തഭാഗങ്ങൾ അവതരിപ്പിച്ചിരുന്നു.]**

## ഫ്ലോറൽ പാർക്കിലെ മലയാളം സ്കൂൾ

**നമ്മുടെ** കുട്ടികൾ മലയാളം പഠിക്കണമോ? വേണമെങ്കിൽ, എത്രമാത്രം? എവിടംവരെ?
നിങ്ങളുടെ മലയാളം പഠിച്ച കുട്ടിക്ക് എത്ര വാക്കുകൾ അറിയാം? സങ്കീർണ്ണ ചിന്തകൾ വിനിമയം ചെയ്യാൻ അവർക്കാകുമോ?
ഇവിടെ, ചെന്നൈയിലും ദില്ലിയിലും മുംബൈയിലും ഉള്ള മാതിരി – ആശാൻ മെമ്മോറിയൽ സ്കൂളും കേരളാ സ്കൂളും ആദർശ വിദ്യാലയവും പോലെ – മലയാളം (കേരള) സ്കൂളുകൾ ഫ്ലോറൽ പാർക്കിലും മറ്റും ഉണ്ടെങ്കിൽ അവരെ നിങ്ങൾ അവിടെ ചേർക്കുമോ?

**നിങ്ങളുടെ** മലയാളം പഠിച്ച കുട്ടികളോട് മലയാളത്തിൽ മാത്രം സംസാരിക്കണമെന്ന് പറയുമ്പോൾ അവർ കുറച്ചു നിമിഷങ്ങൾക്കുള്ളിൽ ഇംഗ്ലീഷിലേക്ക് "സ്വിച്ച് ഓവർ" ചെയ്യുന്നത് കണ്ടിട്ടില്ലേ? എന്താണ് കാരണം? സങ്കീർണ്ണ ചിന്തകൾ അവതരിപ്പിക്കാൻ വലിയ പദസമ്പത്ത് വേണം. മലയാളത്തിൽ അതില്ലാത്ത അവരുടെ വളർച്ചയെയും ജീവിതത്തെയും മുരടിപ്പിക്കാൻ നാം തയ്യാറാകുമോ? നമ്മുടെ കുട്ടികൾ കേരളത്തിൽ മടങ്ങിപ്പോയി "റീ-സെറ്റിൽ" ചെയ്യാനുള്ള സാദ്ധ്യത പൂജ്യത്തിന്നടുത്താണ്. അതുകൊണ്ട് ഒന്നാം പാഠവും രണ്ടാം പാഠവും അടിസ്ഥാനങ്ങളും പഠിപ്പിച്ച്, അവർക്ക് മലയാളം എന്തെന്ന് രൂപം കിട്ടിയാൽ അവരെ അവരുടെ വഴിക്ക് വിടുന്നതാണ് നല്ലത്. അവരിൽ മലയാളം പഠിക്കാൻ പ്രത്യേക അഭിനിവേശം (flair) കാട്ടുന്നവരുണ്ടെങ്കിൽ അവരെ തിരഞ്ഞുപിടിച്ച് പ്രോത്സാഹിപ്പിക്കുകയുമാവാം.

**ഇവിടെ** ജനിച്ചുവളരുന്ന കുട്ടികൾ, മലയാളത്തിൽ പ്രാഥമികജ്ഞാനം നേടിയാലും, ഭാഷയെ സേവിക്കാനുള്ള സാദ്ധ്യത വിരളം. അതുകൊണ്ട്, നാട്ടിൽ നിന്നും പഠിച്ചു വരുന്നവരിൽ നിന്നും മാത്രമേ ഭാഷയ്ക്ക് കാര്യമാത്രപ്രസക്തമായ സംഭാവന ഇവിടെനിന്ന് ഇനിയും പ്രതീക്ഷിക്കേണ്ടൂ!

## നാം ആരെ മലയാളം പഠിപ്പിക്കണം/പരിചയപ്പെടുത്തണം?

**മലയാളത്തെ** മറ്റു ഭാഷക്കാർക്കു പരിചയപ്പെടുത്താനായിരിക്കണം നമ്മുടെ ഒരു പ്രധാന ശ്രമം. മനസ്സിലെ മേപ്പിൽ ഇന്ത്യയും കേരളവും രേഖാചിത്രമാക്കി സൂക്ഷിക്കുന്ന നാം കടലാസ്സിലും ബോർഡിലും അത് വരച്ച് ഭാഷയ്ക്ക് ആമുഖം രചിക്കുകയാണ് വേണ്ടത്. ഇതിനു ലഭിക്കുന്ന സന്ദർഭം പാഴാക്കാതെ നമ്മുടെ ആത്മഭാവം അഭിമാനത്തോടെ പ്രകാശിപ്പിക്കുകയും ചെയ്യണം.
പ്രധാന ശ്രമങ്ങളുടെ ആദ്യപടി ഇപ്രകാരമായിരിക്കാം:

(i) **കേരളത്തെ** (മലയാളത്തെയും) അന്യർക്ക് പരിചയപ്പെടുത്തുക.

(ii) **സർവ്വകലാശാലകളിലെ** പൌരസ്ത്യ ഭാഷാ വിഭാഗങ്ങളുണ്ടെങ്കിൽ അവയുമായി ബന്ധപ്പെടുക.

(iii) **സ്വന്തം** സ്ഥാപനങ്ങൾ സ്ഥാപിച്ച് മാതൃക കാട്ടുക.

**പലരും** ഇപ്രകാരം ചിന്തിച്ചിട്ടുണ്ടെങ്കിലും, പ്രാവർത്തികമാക്കാൻ യത്നിച്ചിട്ടുണ്ടെങ്കിലും ആ സംരംഭങ്ങൾ വേരുപിടിക്കാത്തതിനു കാരണമെന്താണ്?

**കടലാസ്സു** പുലികൾ വീറോടെ ആക്രോശിക്കില്ല! ഏട്ടിലെ പശുക്കൾ പുല്ലു തിന്നുകയുമില്ല! വിജയം വരിച്ച ചില പ്രസ്ഥാനങ്ങൾ അപവാദമായി ഇല്ലെന്നില്ല.

**ഭാഷയെ** പോഷിപ്പിക്കാനും സ്ഥായിയായ സംഭാവനകൾ നൽകാനും ഇവിടത്തെ സാഹിത്യവേദികൾ എന്ത് ചെയ്യുന്നു? അതിൽ വിജയിച്ചുവോ? പരിപാടികൾ “വെറും” ചടങ്ങാകുമ്പോഴും, കാര്യക്രമങ്ങൾ “സോഷ്യലൈസ്” ചെയ്യാനുള്ള ഉപാധിയും അവസരവും “മാത്ര”മായി മാറുമ്പോഴും മൂലോദ്ദേശ്യം മൂടപ്പെടുന്നു.

## നമുക്ക് എന്ത് ചെയ്യാം?

**നമ്മുടെ** സാഹിത്യകൃതികൾ ആവിഷ്കാര ഭംഗിയിൽ പൊതുവെ മികവു കാട്ടുന്നില്ല. ജീവിത സമസ്യകളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നില്ല. വിഷയ ദാരിദ്ര്യമല്ല നമ്മുടെ പ്രശ്നം. ഉൾക്കാഴ്ചയുള്ള, വെട്ടം വീശുന്ന പുത്തൻ അനുഭവം കൃതികളിൽ വിരളമാണ്. എല്ലായ്പ്പോഴും ഉത്കൃഷ്ടകൃതികൾ ഉണ്ടായിക്കൊള്ളണമെന്നില്ല. കേരളവുമായി താരതമ്യം ചെയ്യുമ്പോഴും നല്ല കൃതികളുടെ അനുപാതത്തിൽ ഇവിടെയും വലിയ വ്യത്യാസം ഉണ്ടെന്നു തോന്നുന്നില്ല.

**ഇവിടെ** പുതിയ സാഹിത്യം നിർമ്മിക്കുക എന്നതു തന്നെ പ്രധാനം. എന്താണ് അതിന്നാവശ്യം. അതിലേക്ക് മടങ്ങി വരാം.

### സിനിമയും മലയാളസാഹിത്യവും

**സിനിമയ്ക്ക്** ചില പ്രത്യേകതകളുണ്ട്? മൂന്നു പേജിൽ സാഹിത്യത്തിൽ ദൃശ്യവൽക്കരണം നടത്തുന്ന ഒരു വിവരണം, ചിലപ്പോൾ, ദൃശ്യമാദ്ധ്യമമായ സിനിമയിൽ പത്തു സെക്കന്റുകൊണ്ട് മനോഹരമായി ആവിഷ്ക്കരിക്കാം. എന്നാൽ, സങ്കീർണ്ണമായ മാനസികവ്യാപാരങ്ങൾ പുറത്തുകൊണ്ടുവരാൻ സാഹിത്യത്തിനുള്ള കഴിവ് അപാരമാണ്. മറ്റു മാദ്ധ്യമങ്ങൾക്ക് ഇക്കാര്യത്തിൽ സാഹിത്യവുമായി മത്സരിക്കാൻ സാധ്യമല്ല.

**സാഹിത്യകൃതികളെ** ആസ്പദമാക്കി തിരക്കഥകൾ രചിക്കുന്ന പാരമ്പര്യം ശക്തമായുള്ള കേരളത്തിൽ, സിനിമയും സാഹിത്യവും തമ്മിലുള്ള അതിർവരമ്പും മാറ്റവും വ്യക്തമായി അറിയാവുന്നവർ ചിലരുണ്ടെങ്കിലും, സാഹിത്യകൃതി സിനിമയാകുമ്പോൾ മൂലത്തിന്റെ ആസ്വാദ്യത നഷ്ടമാകുകയാണ് പതിവ്. പ്രധാന കാരണം, മനസ്സിന്റെ ഉള്ളറകൾ തുറക്കുന്ന വാക്കുകളെ ദൃശ്യങ്ങളിലേക്കു പകർത്താനും തർജ്ജമ ചെയ്യാനുമുള്ള വൈഷമ്യം തന്നെ.

## കൃതികളിലെ വിഷയസ്വീകരണം

**പ്രവാസിയുടെ** പാത നാടൻ എഴുത്തുകാരിലേതിൽ നിന്നും വിഭിന്നമാണ്. ആരായാലും, അറിയാത്തതോ മനസ്സിലാക്കത്തതോ എഴുതരുതല്ലോ. പ്രസിദ്ധ പ്രവാസി എഴുത്തുകാരായ കുന്ദേരയും റഷ്ഡിയും നായ്പോളും ഝുംപ ലാഹിരിയും മറ്റും ഫിക്ഷൻ രചിക്കുമ്പോൾ അവരുടെ വേരും കുലചരിതവും, കഥയിലും ആവിഷ്ക്കാരത്തിലും കടന്നുവരുന്നു. മലയാളി പ്രവാസി എഴുതുമ്പോൾ, കേരളം, ഇന്ത്യ, ഗൾഫ്, യൂറോപ്പ്, കാനഡ,

അമേരിക്ക തുടങ്ങിയവയിൽ പല സ്ഥലവും, ജനതയും, അനുഭവവും പ്രതിഫലിക്കും; അല്ലെങ്കിൽ പ്രതിഫലിക്കണം. അത് സ്വാഭാവികം മാത്രമാണ്. എന്തിനേറെ, ഇതിന്റെ മറുവശമെന്നോണം അമേരിക്ക സന്ദർശിച്ചുപോയ മലയാളി സാഹിത്യകാരന്മാരുടെ പിൽക്കാല കൃതികളിൽ ന്യു യോർക്കും, ഹ്യൂസ്റ്റണും മറ്റും കയറിക്കൂടുന്നതു കണ്ടിട്ടില്ലേ!

**നിങ്ങൾക്ക്** എത്രപേർക്ക് അമേരിക്കൻസ് – വെള്ളക്കാരോ മറ്റോ – "ഉറ്റ" സുഹൃത്തുക്കളായിട്ടുണ്ട്? എത്ര പേർ അമേരിക്കൻ വീടുകളിൽ വിരുന്നിനു പോയിട്ടുണ്ട്? നാട്ടിലുള്ള പലരും ഈ വിഷയം വേണ്ടവിധം മനസ്സിലാക്കിയിട്ടുണ്ടെന്ന് വിശ്വസിക്കാൻ പ്രയാസം! അല്ലെങ്കിൽ ലോക സാഹിത്യവായന പ്രതലപ്പരപ്പിൽ നിന്നും ഉള്ളിലേക്ക് ഇറങ്ങിയിട്ടുണ്ടാവില്ല.

**നമ്മുടെ** രചനകളിൽ പശുമാംസ നിരോധനത്തിനാണോ പ്രാധാന്യം കൊടുക്കേണ്ടത്, അല്ലെങ്കിൽ, ഇവിടത്തെ ഫെർഗ്യൂസണിലെ വെടിവെപ്പിനോ അഫർമേറ്റീവ് ഏക്ക്ഷനോ ഭരണഘടനയിലെ അമെന്റ്മെന്റിനോ ഇറാനുമായുള്ള നുക്ലിയർ ഡീലിനോ? സാർവ്വജനകീയതയുള്ള, അമേരിക്കൻ അടിത്തറയുള്ള മറ്റു ആശയങ്ങൾക്കോ?

## ആവിഷ്ക്കാര സ്വാതന്ത്ര്യം

**നമ്മുടെ** ആവിഷ്ക്കാര സ്വാതന്ത്ര്യം വിലയിരുത്തേണ്ടത് അമേരിക്കൻ സാഹചര്യത്തിലോ കേരളാന്തരീക്ഷത്തിലോ? പേനപൂട്ടി മൌനം പാലിക്കുന്ന തമിഴനോ, പെണ്ണെഴുത്തുവിരുദ്ധ പീഢനം സഹിക്കാതെ നാടു വിടുന്ന ബംഗ്ലാദേശ് എഴുത്തുകാരിയോ, മുസ്ലീം മതതീവ്രവാദികളെ ഭയന്ന് ഒളിവിൽ കഴിഞ്ഞ എഴുത്തുകാരനോ നമ്മുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പരിധി നിർവ്വചിക്കുന്നില്ല. അവരിൽ പലരും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുവേണ്ടി ചേക്കേറുന്ന മണ്ണിലാണ് നാം കുടിയേറിയിരിക്കുന്നത്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ ഉന്നതി ആസ്വദിക്കുന്ന അമേരിക്കൻ എഴുത്തുകാർ നാട്ടുകാർക്ക് ആവേശം പകർന്നു കൊടുക്കുകയാണ് വേണ്ടത്.

**അമേരിക്കൻ** മലയാളികൾക്ക് ചുംബന സമരത്തിൽ പങ്കെടുക്കേണ്ട ഒരാവശ്യവുമില്ല. ഇവിടത്തെ കിടപ്പറയിൽ അത് പ്രാവർത്തികമാക്കാൻ കേരളത്തിലെ സമരത്തിൽനിന്ന് ആവേശം കൊള്ളേണ്ടതുണ്ടോ? മറിച്ച്, പല മേഖലകളിലും ആധുനികത നമുക്ക് നാട്ടിലേക്ക് കയറ്റുമതി ചെയ്യാവുന്നതാണ്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ അതിർവരമ്പുകൾ ഭഞ്ജിക്കുന്നതോ ഭരണഘടനയുടെ ഒന്നാം അമെന്റ്മെന്റ് ലംഘിക്കുന്നതോ കൈകാര്യം ചെയ്യാൻ ഇവിടത്തെ നിയമവ്യവസ്ഥിതി പ്രാപ്തമാണ്.

# എഴുത്തുകാരന്റെ സാമൂഹ്യപ്രതിബദ്ധത

**ഇത്** വളരെ ആഴമുള്ള വിഷയമാണ്. അമ്പതുകളിലും മറ്റും കേരളത്തിലെ പുരോഗമനസാഹിത്യ പ്രസ്ഥാനക്കാരും, നാൽപ്പതുകളിൽ അഖിലേന്ത്യാതലത്തിൽ വേരോടിയ ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസ്സോസിയേഷ(ഇപ്റ്റ)നും സാമൂഹ്യ നീതിക്കുവേണ്ടി വാദിച്ച പാരമ്പര്യം നമുക്കുണ്ട്. സധൈര്യം സ്വാഭിപ്രായം പ്രകടിപ്പിക്കാൻ വൈമുഖ്യം കാട്ടാറില്ലാത്ത ഡോ. ശശിധരൻ കൂട്ടാല ഈ വിഷയത്തെക്കുറിച്ച് ഒരു സംവാദം വീണ്ടും ഈയിടെ പ്രസംഗമദ്ധ്യേ ഉയർത്തിയിരുന്നു.

**സമൂഹത്തിലിരുന്ന്** സമൂഹത്തെ നോക്കി എഴുതുന്ന എഴുത്തുകാരൻ, നന്മ ഇച്ഛിക്കുന്ന വ്യക്തിയാണെങ്കിൽ, വിഷയവും അത് കൈകാര്യംചെയ്യുന്ന രീതിയും സാമൂഹ്യ പ്രതിബദ്ധത താനേ ഉൾക്കൊള്ളും. അത് ബോധപൂർവ്വം ചെയ്യേണ്ട പ്രക്രിയയല്ല. അങ്ങിനെ ചെയ്താൽ അത് പടപ്പാട്ടായി പരിണമിക്കും.

# അവസാനത്തിനു മുമ്പ്

**സാമ്പത്തിക** ശാസ്ത്രത്തിലെ "ജിനി" (GINI) ഇൻഡെക്സിനെക്കുറിച്ച് പരാമർശിച്ച് നമുക്കീ പ്രസംഗം മുറിക്കാം: ഒരു രാജ്യത്തെ പ്രജകളിൽ, സമ്പത്ത് വിതരണം ചെയ്യപ്പെടുന്ന രീതിയുടെ സൂചകമാണ് അത്. 0 മുതൽ 1 വരെയുള്ള ഒരു സംഖ്യയാണ് ജിനി ഇൻഡെക്സ്; ശതമാനമായും ഇത് അടയാളപ്പെടുത്താറുണ്ട്. സ്വത്തെല്ലാം എല്ലാവർക്കും ഒരുപോലെ വീതിച്ചാൽ അതിനു പൂജ്യം എന്ന് ഉത്തരം കിട്ടും. എല്ലാം ഒരാളിൽ അടിഞ്ഞുകൂടിയാൽ ഒന്ന് എന്ന് ഉത്തരം. അമേരിക്കയ്ക്ക് അത് 0.41 (41%); ഇന്ത്യക്ക് 3.4 ഉം (34%).

**ദരിദ്രനും** ധനവാനും തമ്മിലുള്ള അന്തരം കുറയ്ക്കുകയാണ് സാമ്പത്തിക പരിഷ്ക്കർത്താക്കളുടെ ലക്ഷ്യം. വിഭവശേഷി ഒരുപോലെ പങ്കു വെയ്ക്കലാണ് പല ഇസങ്ങളുടെയും പ്രവർത്തനശൈലി. നൈസർഗ്ഗികമായി പ്രകൃതി അതുല്യമായി പങ്കു വെക്കുന്ന വിഭവവും വൈഭവവും സമൂഹത്തിൽ വരുത്തുന്ന അസമത്വമെന്ന വിന ലഘൂകരിച്ച് മനുഷ്യർക്കിടയിലുള്ള അന്തരം ഇല്ലാതാക്കുക എന്നത് തന്നെ സാമൂഹ്യനീതിയുടെ പരമലക്ഷ്യം.

**എന്നാൽ,** അക്കാഡെമിക്ക് രംഗത്തിലും സർഗ്ഗസാഹിത്യത്തിലും ഇത്തരം സൂചകങ്ങൾക്ക് സ്ഥാനമില്ല. എല്ലാവരെയും ജയിപ്പിച്ച് 100% വിജയം കൊയ്യൽ മൂല്യനിർണ്ണയം എന്ന ആശയത്തെത്തന്നെ തോൽപ്പിക്കുന്നതാണ്. അവിടെ നാം ആവശ്യപ്പെടുന്നതും ആഗ്രഹിക്കുന്നതും ഉജ്ജ്വലത്തിളക്കമുള്ള ഉൽപ്പന്നങ്ങളാണ്. ഈ മേഖലയിൽ ജിനി ഇൻഡെക്സിനു നിലനിൽപ്പില്ല.

**ഗുണം** എല്ലാ എഴുത്തുകാരിലും ഒരുപോലെ വീതിക്കുകയല്ല ആവശ്യം. മഹത്തായ കൃതികൾ ഇവിടെ ജനിപ്പിച്ചു വളർത്തുകയെന്നതാവണം ലക്ഷ്യം. അതോടൊപ്പം, വായനക്കാരെ നല്ല നിലവാരത്തിലേക്ക് കൈപിടിച്ചുയർത്തുകയാണ് വേണ്ടത്.

(അവസാനിച്ചു)

*************************************************************************************